## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ – ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2014 മുതൽ 31/12/2016 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സൂചന:- 1) ഈ ആഫീസിലെ 26/6/2015ലെ ഇ.എസ്.2/88500/2014/ആ.വ.ഡ നമ്പർ ഉത്തരവ്.
2) 28/9/2017ലെ ഇതേ നമ്പർ സർക്കുലർ.

**ഉത്തരവ് നം: ഇ.എസ്.2/85350/17/ആ.വ.ഡ തീയതി: 14/6/2018**

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക സൂചന ഒന്ന് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായി 1/1/2014 മുതൽ 31/12/2016 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ക്ലാർക്കുമരുടെ താൽകാലിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സൂചന (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 19/12/2013 തീയതിവരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചവരെയാണ് ഉൾപ്പെടുത്തിയിരുന്നത്. 20/12/2013 മുതൽ സീനിയോറിറ്റിലഭിക്കേണ്ടവരെയാണ് ഈ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുതപട്ടികയിൽ ഉൾപ്പെട്ടവരിൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചവർക്ക് അവരുടെ ശുപാർശ തിയതി മുതലും ആശ്രിത നിയമനം മുഖാന്തിരം നിയമനം ലഭിച്ചവർക്ക് ബന്ധപ്പെട്ട നിയമന അധികാരിയായ ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ തീയതി മുതലും അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയവർക്ക് ജോലിയിൽ പുതിയ ജില്ലയിൽ പ്രവേശിച്ച തീയതി മുതലും ജോലിയിൽ പ്രവേശിക്കേണ്ട തീയതി ദീർഘിപ്പിച്ച് കിട്ടിയവർ, പരിവിക്ഷാകാലം പൂർത്തീകരിക്കുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർ, ബൈ ട്രാൻസ്ഫർ മുഖേന ജോലിയിൽ പ്രവേശിച്ചവർ എന്നിവർക്ക് അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോറിറ്റി കണക്കാക്കിയിരിക്കുന്നത്.

പ്രസ്തുത സീനിയോറിറ്റി പട്ടികയെപറ്റി ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ ആയത് നിശ്ചിതപ്രഫോർമയിൽ ഈ ഉത്തരവ് തിയതി മുതൽ 30 ദിവസത്തിനകം ജില്ലാ മെഡിക്കാലാഫീസറുടെ പരിശോധനാ റിപ്പോർട്ടോടെ നേരിട്ടോ തപാൽ മാർഗമോ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ശ്രീ.സി.എം.അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ് 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്